# കേരള സർവകലാശാല

നം.പി.ആർ.196/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.ടെക് സ്പോട്ട് അഡ്മിഷൻ

സർവ്വകലാശാല നടത്തിയ എം.ടെക് പ്രവേശന പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്കായി സ്പോട്ട് അഡ്മിഷൻ നടത്തുന്നു. കമ്പ്യൂട്ടർ സയൻസ്, ഒപ്റ്റോ ഇലക്ട്രോണിക്സ്, ഫ്യൂച്ചർ സ്റ്റഡീസ് എന്നീ പഠന വിഭാഗങ്ങളിൽ നടത്തി വരുന്ന AICTE അംഗീകാരമുള്ള എം.ടെക് പ്രോഗ്രാമുകളിലേക്കാണ് പ്രവേശനം. താൽപര്യമുള്ളവർ സെപ്റ്റംബർ 7-ാം തീയതി വെള്ളിയാഴ്ച രാവിലെ 11 മണിക്ക് സർട്ടിഫിക്കറ്റുകളുമായി അതാത് ഡിപ്പാർട്ട്മെന്റുകളിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അതാത് വിഭാഗങ്ങളുമായി ബന്ധപ്പെടുക.

### സൂക്ഷ്മ പരിശോധന

2017 ഒക്ടോബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. പരീക്ഷയുടെ സൂക്ഷ്മ പരിശോധനക്ക് അപേക്ഷിച്ചവർ സെപ്തംബർ 5 മുതൽ 13 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ ഹാൾ ടിക്കറ്റും തിരിച്ചറിയൽ രേഖയുമായി പുനർമൂല്യനിർണ്ണയ വിഭാഗത്തിൽ (ഇ.ജെ I സെക്ഷൻ) ഹാജരാകേണ്ടതാണ്.

### അപേക്ഷ ക്ഷണിക്കുന്നു

ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ജിയോ സ്പെഷ്യൽ ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജിയിൽ പി.ജി ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജി കോഴ്സിന് (2018 – 19 അഡ്മിഷൻ) അപേക്ഷ ക്ഷണിച്ചു. യോഗ്യത: ജിയോളജി, ജിയോഗ്രഫി, എൻവയോൺമെന്റ് സയൻസ്, കമ്പ്യൂട്ടർ സയൻസ്, ഫിസിക്സ് ഇവയിൽ ഏതിലെങ്കിലും പി.ജി. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 31. ഫോൺ: 0471 2308214 വിശദവിവരങ്ങൾക്ക് www.cgist.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

### ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് (2018 – 19 അദ്ധ്യയന വർഷം) പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in)പ്രസിദ്ധീകരിച്ചു.

വിദ്യാർത്ഥികൾക്ക് ഓപ്ഷനുകൾ ചേർക്കുന്നതിനും/പുനർക്രമീകരിക്കുന്നതിനും/

പ്രൊഫൈലിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിനും സെപ്റ്റംബർ 7 വരെ സമയം ഉണ്ടായിരിക്കും. മാറ്റങ്ങൾ വരുത്തുന്നവർ അതിനു ശേഷമുള്ള പ്രിന്റ് ഔട്ട് എടുക്കേണ്ടതാണ്.

കമ്മ്യൂണിറ്റി ക്വാട്ട, സ്പോർട്സ് ക്വാട്ട എന്നിവയിലേക്ക് അപേക്ഷിക്കുന്നവർ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും ബന്ധപ്പെട്ട കോളേജുകളിൽ സെപ്റ്റംബർ 7 നകം സമർപ്പിക്കേണ്ടതാണ്.

## ജി.കാർത്തികേയൻ മെമ്മോറിയൽ അവാർഡ്

2016–17, 2017–18 വർഷങ്ങളിലെ ഏറ്റവും നല്ല കോളേജ് യൂണിയനുള്ള ജി.കാർത്തികേയൻ മെമ്മോറിയൽ അവാർഡിനുള്ള എൻട്രികൾ സമർപ്പിക്കുന്നതിനുള്ള തീയതി സെപ്റ്റംബർ 15 വരെ നീട്ടിയിരിക്കുന്നു. പ്രളയദുരന്തവുമായി ബന്ധപ്പെട്ട അസൗകര്യം പരിഗണിച്ചുകൊണ്ടാണ് തീയതിയിൽ വ്യത്യാസം വരുത്തിയിരിക്കുന്നത്.

എൻട്രികൾ അയയ്ക്കാനുള്ള കോളേജുകൾ 2018 സെപ്റ്റംബർ 15 വൈകുന്നേരം 5 മണിക്ക് മുൻപായി ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ് സർവ്വീസസ, പി.എം.ജി, തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്.

(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

തിരുവനന്തപുരം.
04.09.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in
University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098